177 (1721) സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകൾ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആരംഭിക്കുന്ന എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് എവിടെയെല്ലാം ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഈ കോളേജുകളിൽ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) ഈ മാനദണ്ഡങ്ങൾമൂലം നിർദ്ധനരായ കുട്ടികൾക്ക് പ്രവേശനത്തിന് തടസ്സം നേരിടുമോ;

(ഡി) എങ്കിൽ നിർദ്ധനരായ കുട്ടികളുടെ പ്രവേശനത്തിന് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ വർഷം (1999-2000) സഹകരണമേഖലയിൽ കോഴിക്കോട് ജില്ലയിലെ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നുണ്ട്. 2000-2001 വർഷത്തിൽ എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വടകരയിലേതുൾപ്പെടെ പത്തോളം എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശം ഉണ്ടെങ്കിലും ഇവ എവിടെയെല്ലാം സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടില്ല.

(ബി) കേരളാ ഗവൺമെന്റ് "കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്" നടത്തുന്ന പ്രവേശനപരീക്ഷയുടെ റാങ്ക്ലിസ്റ്റിൽനിന്നും ആയിരിക്കും പ്രവേശനം നടത്തുക. വിശദാംശങ്ങൾ തീരുമാനിക്കുന്നതേയുള്ളൂ.

(സി)&(ഡി) ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ സഹകരണ ബാങ്കുകൾ വഴി വായ്പാ സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

178 (1722) സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ സംഘങ്ങൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സഹകരണ വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര സഹകരണ സംഘങ്ങളുണ്ട്;

(ബി) വ്യവസായ വകുപ്പിന്റേയും ക്ഷീര വകുപ്പിന്റേയും മറ്റ് വകുപ്പുകളുടേയും കീഴിലുള്ള സംഘങ്ങൾ എത്ര?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ സഹകരണ വകുപ്പിന്റെ കീഴിൽ 31.3.1998 തീയതിയിൽ 10970 സഹകരണ സംഘങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly